സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മെയ് 16 ചൊവ്വ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# ആറ്റിങ്ങൽ ഇരട്ടക്കൊലക്കേസ്, ജിഷാ വധം; വധശിക്ഷ പുനഃപരിശോധിക്കാൻ ഹൈക്കോടതി

## കേരളത്തിലെ ആദ്യത്തെ മിറ്റിഗേഷൻ ഇൻവസ്റ്റിഗേഷന് ഉത്തരവിട്ടു

കൊച്ചി: ആറ്റിങ്ങൽ ഇരട്ട ക്കൊലക്കേസിലേയും ജിഷാ വധക്കേസിലേയും പ്രതികളുടെ വധശിക്ഷ പുനഃപരിശോധിക്കാനൊരുങ്ങി ഹൈക്കോടതി. ഇതിനായി മിറ്റിഗേഷൻ ഇൻവസ്റ്റിഗേഷന് കോടതി ഉത്തരവിട്ടു. കേരളത്തിലെ ആദ്യത്തെ മിറ്റിഗേഷൻ ഇൻവസ്റ്റിഗേഷനാണ് കോടതി ഉത്തരവിട്ടിരിക്കുന്നത്. കുറ്റവാളികളുടെ വധശിക്ഷയിൽ ഇളവ് കൊണ്ടുവരുന്നതിനാണ് മിറ്റിഗേഷൻ അന്വേഷണം. ജസ്റ്റിസ് അലക്സാണ്ടർ തോമസ്, ജസ്റ്റിസ് സി. ജയചന്ദ്രൻ എന്നിവരടങ്ങിയ ഹൈക്കോടതി ഡിവിഷൻ ബെഞ്ചാണ് ഉത്തരവിട്ടത്. പ്രതികളുടെ മാനസിക നില ഉൾപ്പെടെയുള്ള മറ്റു പശ്ചാത്തലങ്ങൾ കൂടി പരിഗണിക്കണമെന്ന സുപ്രീം കോടതിയുടെ മാർഗ നിർദേശത്തിലാണ് ഉത്തരവ്. കേസുകളിലെ പ്രതികളുടെ സ്വഭാവത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും ജയിൽ



അമീറുൾ ഇസ്ലാം, നിനോ മാത്യു (ഫയൽ ചിത്രം)

വകുപ്പിന് കോടതി നിർദേശം നൽകി. പ്രതികളുടെ മാനസിക നില, കുറ്റകൃത്യത്തിന് മുൻപും ശേഷവുമുള്ള സാമൂഹിക-സാമ്പത്തിക പശ്ചാത്തലം, നേരത്തേ ഇവർ ഏതെങ്കിലും തരത്തിലുള്ള പീഡനങ്ങൾ നേരിട്ടിട്ടുണ്ടോ, സാമൂഹിക സാമ്പത്തിക സാഹചര്യം എന്നിവ പരിശോധിക്കും. ഇരുകേസുകളിലെയും കുറ്റവാളികളുടെ സ്വഭാവത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജയിൽ വകുപ്പിന് നിർദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും വധശിക്ഷയിൽ തീരുമാനമെടുക്കുന്നത്. ഇതിനായി രണ്ട് കേസുകളിലെ കുറ്റവാളികളേയും പാർപ്പിച്ച ജയിൽ അധികൃതരോട് പ്രതികളുടെ മാനസിക നില, സ്വഭാവം എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. കുറ്റവാളികളുടെ അഭിഭാഷകൻ വധശിക്ഷയിൽ ഇളവ് ആവശ്യപ്പെട്ടിരുന്നു. 2016ലാണ് ജിഷ വധവും 2014ലാണ് ആറ്റിങ്ങൽ ഇരട്ടക്കൊലപാതകവും നടക്കുന്നത്.

# ഡോ. വന്ദനദാസ് കൊലക്കേസ്: സന്ദീപ് ക്രൈംബ്രാഞ്ച് കസ്റ്റഡിയിൽ

കൊല്ലം: ഡോ. വന്ദനദാസ് കൊലക്കേസിലെ പ്രതി സന്ദീപിനെ ക്രൈംബ്രാഞ്ച് കസ്റ്റഡിയിൽ വിട്ടു. കൊട്ടാരക്കര മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്. അഞ്ച് ദിവസത്തേക്കാണ് കസ്റ്റഡിയിൽ വിട്ടിരിക്കുന്നത്. പ്രതിക്ക് വൈദ്യ സഹായം നൽകണമെന്ന് കോടതി നിർദേശിച്ചു. പ്രതിയുടെ മാനസികസ്ഥിതി പരിശോധിക്കേണ്ടതുണ്ടെന്നും അതിനാൽ കസ്റ്റഡിയിൽ വേണമെന്നുമാണ് പ്രോസിക്യൂഷൻ കോടതിയിൽ ആവശ്യപ്പെട്ടത്.

പ്രോസിക്യൂഷന്റെ ഈ വാദം അംഗീകരിച്ചാണ് കോടതി നടപടി. പ്രതിയെ മെഡിക്കൽ ബോർഡിന് മുന്നിൽ ഹാജരാക്കണമെന്നും കോടതി നിർദേശിച്ചിട്ടുണ്ട്. പ്രതി സന്ദീപിന് വേണ്ടി അഡ്വ. ബി.എ ആളൂരാണ് കോടതിയിൽ ഹാജരായത്. ഒന്നിടവിട്ട ദിവസങ്ങളിൽ 15 മിനിട്ട് അന്വേഷണ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ അഭിഭാഷകന് പ്രതിയെ കാണാമെന്നും കോടതി വ്യക്തമാക്കി.തെളിവെടുപ്പ് നടത്തേണ്ടതുണ്ടെന്നും പ്രതിയെ കസ്റ്റഡിയിൽ വിടണമെന്നുമാണ് ക്രൈംബ്രാഞ്ച് കോടതിയിൽ വാദിച്ചത്. എന്നാൽ ആയുധം എവിടെ നിന്ന് ലഭിച്ചുവെന്ന് പോലിസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്നും പിന്നെ എന്തിനാണ് തെളിവെടുപ്പെന്നായിരുന്നു സന്ദീപിന് വേണ്ടി ഹാജരായ അഡ്വ. ആളൂരിന്റെ വാദം. സന്ദീപിന്റെ ഇടതുകാലിന് പരുക്കുണ്ട്. യൂറിനറി ഇൻഫക്ഷൻ ഉണ്ട്. പ്രതിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കണം.ശാരീരിക പ്രശ്നങ്ങൾ കണക്കിലെടുത്ത് കസ്റ്റഡിയിൽ കൊടുക്കരുതെന്നും അഡ്വ. ആളൂർ ആവശ്യപ്പെട്ടെങ്കിലും കോടതി അംഗീകരിച്ചില്ല. സന്ദീപിനെ കൊട്ടാരക്കര കോടതിയിൽ ഹാജരാക്കിയ വേളയിൽ വലിയ പ്രതിഷേധമുണ്ടായി. കോടതിക്ക് പുറത്ത് ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രവർത്തകർ പ്രതിഷേധിച്ചു.



വന്ദന കൊലക്കേസ് പ്രതി സന്ദീപിനെ കോടതിക്ക് മുമ്പിൽ ഹാജരാക്കാൻ കൊണ്ടുവന്നപ്പോൾ




# എ.ഐ ക്യാമറ അഴിമതി ആരോപണത്തിൽ ഉറച്ചുനിൽക്കുന്നു; എസ്.ആർ.ഐ.ടിയുടെ നോട്ടിസിന് മറുപടി നൽകിയെന്ന് വി.ഡി സതീശൻ

തൃശ്ശൂർ: എ.ഐ ക്യാമറ അഴിമതി ആരോപണങ്ങളിൽ ഉറച്ചുനിൽക്കുന്നുവെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ഇതിനോടനുബന്ധിച്ച് എസ്.ആർ.ഐ.ടിയുടെ വക്കീൽ നോട്ടിസിന് മറുപടി നൽകിയെന്നും വി.ഡി സതീശൻ പറഞ്ഞു. തെളിവുകളുടെ അടിസ്ഥാനത്തിലാണ് ആരോപണങ്ങൾ ഉന്നയിച്ചത്. ആരോപണം പിൻവലിക്കില്ല എന്ന് കാട്ടിയാണ് മറുപടി അയച്ചതെന്നും അദ്ദേഹം പറഞ്ഞു. ടെൻഡറിൽ എസ്.ആർ.ഐ.ടി മറ്റു രണ്ടു കമ്പനികളുമായി ചേർന്ന് മത്സരിച്ചു. വൻ തുകക്ക് ടെൻഡർ നേടി. എല്ലാ നിബന്ധനകളും അട്ടിമറിച്ചാണ് ഉപകരാർ





കൊടുത്തത്. കർണാടകയിൽ 40 ശതമാനമാണ് സർക്കാർ പദ്ധതികളിൽ കമ്മീഷനെങ്കിൽ കേരളത്തിലെ എ.ഐ ക്യാമറ ഇടപാടിൽ അത് 65 ആണെന്നും കുറ്റപ്പെടുത്തിയ അദ്ദേഹം കേട്ടു കേൾവി ഇല്ലാത്ത കാര്യങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നതെന്നും മൗനം തുടരുന്ന മുഖ്യമന്ത്രി, കമ്പനിയെ കൊണ്ട് ഭീഷണിപ്പെടുത്താൻ ശ്രമിക്കുന്നുവെന്നും വി.ഡി സതീശൻ പറഞ്ഞു. ആരോപണങ്ങളിൽ ഉറച്ചുനിൽക്കുന്നുവെന്ന് പറഞ്ഞാണ് എസ്.ആർ.ഐ.ടിക്കു മറുപടി നൽകിയത്. കോടതിയിൽ എല്ലാ രേഖകളും ഹാജരാക്കുമെന്നും കൂടുതൽ അഴിമതി കഥകൾ പുറത്തുവരുമെന്നും അദ്ദേഹം പറഞ്ഞു. ഏത് ഏജൻസി അന്വേഷിച്ചാലും സർക്കാരിന് വെള്ളപൂശുന്ന റിപ്പോർട്ട് നൽകാൻ പറ്റില്ല. അന്വേഷിച്ച വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എവിടെയാണ്. അദ്ദേഹം അവധിക്ക് പോയെന്നും സതീശൻ പറഞ്ഞു. മുഖ്യമന്ത്രി തലയിൽ മുണ്ടിട്ടു പോകേണ്ട സ്ഥിതിയാണ് ഇനി വരാൻ പോകുന്നതെന്ന് പ്രതിപക്ഷ നേതാവ് കൂട്ടിച്ചേർത്തു.



സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിലെ എന്റെ കേരളം പ്രദർശന വിപണന മേളയിലെ എക്സൈസ് വിമുക്തി സ്റ്റാൾ

## എട്ട് ജില്ലകളിൽ ഉയർന്ന താപനില മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്തെ എട്ട് ജില്ലകളിൽ ഉയർന്ന താപനില മുന്നറിയിപ്പുമായി കാലാവസ്ഥ നിരീക്ഷണകേന്ദ്രം. അതിനാൽ സംസ്ഥാനത്ത് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. സാധാരണയെക്കാൾ 2 ഩഇ 4 ഩഇ കൂടുതൽ താപനില ഉയരാനാണ് സാധ്യത. കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 37ഩഇ വരെ താപനില ഉയരാം. കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിൽ 36ഩഇ വരെയും താപനില ഉയരാം. കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ 35ഩഇ വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്നാണ് റിപ്പോർട്ട്.

# വെറ്ററിനറി ഡോക്ടർ ബിരുദദാനം 20ന് ഗവർണർ നിർവഹിക്കും

വയനാട്: പൂക്കോട് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ നാലാമത് ബിരുദദാന ചടങ്ങ് കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിക്കും. പൂക്കോട് സർവകലാശാലയിലെ കബനി ഓഡിറ്റോറിയത്തിൽ വെച്ച് 20 ശനിയാഴ്ച രാവിലെ 11 മണിക്കാണ് ബിരുദദാനം. പ്രോ-ചാൻസലർ കൂടിയായ



മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസർച്ച് ഡെപ്യൂട്ടി ഡയരക്ടർ ജനറൽ (ആനിമൽ സയൻസസ്) ഡോ. ഭൂപേന്ദ്രനാഥ് ത്രിപാഠി എന്നിവരുടെ സാന്നിധ്യത്തിൽ നടക്കുന്ന ബിരുദദാന ചടങ്ങിൽ കേരള വെറ്ററിനറി സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ആർ ശശീന്ദ്രനാഥ് സ്വാഗതം പറഞ്ഞ് റിപ്പോർട്ട് അവതരിപ്പിക്കും. ക്ഷണിക്കപ്പെട്ടവർ രാവിലെ പത്ത് മണിക്ക് മുമ്പ് തന്നെ ഹാളിൽ ഹാജരാകണം. പന്ത്രണ്ട് വയസിന് താഴെയുള്ള കുട്ടികൾക്ക് ചടങ്ങിൽ മൊബൈൽ ഫോൺ ഉപയോഗം അനുവദിക്കുന്നതല്ല.

## കേരളത്തിലെ സിക്കിം ലോട്ടറി വിൽപ്പന: സാന്റിയാഗോ മാർട്ടിന്റെ 457 കോടിയുടെ സ്വത്തുക്കൾ ഇ.ഡി മരവിപ്പിച്ചു




ചെന്നൈ: ലോട്ടറി രാജാവെന്ന് അറിയപ്പെട്ടിരുന്ന സാന്റിയാഗോ മാർട്ടിന്റെ സ്വത്തുക്കൾ ഇ.ഡി മരവിപ്പിച്ചു. 457 കോടി രൂപയുടെ സ്വത്തുക്കളാണ് എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റ് മരവിപ്പിച്ചത്. സിക്കിം ലോട്ടറി കേരളത്തിൽ വിൽപന നടത്തിയതിലൂടെ സിക്കിം സർക്കാറിന് ശതകോടികളുടെ നഷ്ടമുണ്ടാക്കിയെന്ന കേസിലാണ് സാന്റിയാഗോ മാർട്ടിന്റെ സ്വത്തുക്കൾ ഇ.ഡി മരവിപ്പിച്ചത്. നേരത്തെ ലോട്ടറി വിൽപനയിൽ ചട്ടങ്ങൾ ലംഘിച്ച് 910 കോടി രൂപ സമ്പാദിച്ചെന്നും അനധികൃത പണമിടപാട് നടത്തിയെന്നും ആരോപിച്ച് മാർട്ടിനെതിരെ കൊച്ചി എൻഫോഴ്സ്മെന്റ് വിഭാഗം കേസെടുത്തിരുന്നു. ഇതിന്റെ തുടർ നടപടികളുടെ ഭാഗമായിരുന്നു റെയ്ഡുകൾ. കോയമ്പത്തൂർ ജില്ലയിലെ തുടിയല്ലൂർ വെള്ളക്കിണറിലെ മാർട്ടിന്റെ ബംഗ്ലാവിലും ഇദ്ദേഹത്തിന്റെ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിലും മാർട്ടിൻ ഗ്രൂപ്പ് ഓഫ് കമ്പനികളുടേയും സ്ഥാപനങ്ങളുടേയും കോർപറേറ്റ് ഓഫിസിലുമാണ് റെയ്ഡുകൾ നടന്നത്. നിരവധി രേഖകൾ ഉദ്യോഗസ്ഥർ പിടിച്ചെടുത്തിട്ടുണ്ട്. തുടർന്നാണ് 457 കോടിയുടെ സ്വത്തുകൾ കണ്ടുകെട്ടിയത്.

## കെ.വി അബ്ദുൾ ഖാദറിനെ പ്രവാസി ക്ഷേമബോർഡ് ചെയർമാനായി നിയമിച്ചു



തിരുവനന്തപുരം: കെ.വി അബ്ദുൾ ഖാദറിനെ പ്രവാസി ക്ഷേമബോർഡ് ചെയർമാനായി നിയമിച്ച് ഉത്തരവായി. ഗുരുവായൂരിൽ നിന്ന് മൂന്ന് തവണ നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കേരള പ്രവാസിസംഘം ജനറൽ സെക്രട്ടറിയും സി.പി.ഐ.എം തൃശൂർ ജില്ലാ സെക്രട്ടേറിയറ്റംഗവും എൽഡി.എഫ് ജില്ലാ കൺവീനറുമാണ്.

കേരള വഖഫ് ബോർഡ് ചെയർമാൻ, കേന്ദ്ര വഖഫ് കൗൺസിൽ അംഗം ആരോഗ്യ സർവകലാശാല സെനറ്റംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ഷെറീനയാണ് ഭാര്യ. മക്കൾ: അഖിൽ, അജീഷ. എൻ.അജിത് കുമാർ, ജോർജ് വർഗീസ്, വിൽസൺ ജോർജ്, സുധീർ എലന്തോളി, എൻ.വി ബാദുഷ, കെ.സി സജീവ്, നോർക്ക-നിയമ-തൊഴിൽ വകുപ്പ് സെക്രട്ടറിമാർ, ധനവകുപ്പ് അഡീഷണൽ സെക്രട്ടറി, ഒഡെപെക് എം.ഡി, പ്രവാസി ക്ഷേമബോർഡ് സി.ഇ.ഒ, നോർക്ക റൂട്ട് സി.ഇ.ഒ എന്നിവർ ഡയരക്ടർമാരാണ്.

## യു.ഡി.എഫിലേക്ക് കേരളാ കോൺഗ്രസിനെ ക്ഷണിച്ചതിൽ വി.ഡി സതീശന് എതിർപ്പ്



തിരുവനന്തപുരം: യു.ഡി.എഫിലേക്ക് കേരള കോൺഗ്രസിനെ ക്ഷണിച്ചതിൽ എതിർപ്പ് പ്രകടിപ്പിച്ച് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. കെ.പി.സി.സി അധ്യക്ഷൻ കെ. സുധാകരനും മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുമാണ് കേരളാ കോൺഗ്രസ് മാണി വിഭാഗത്തെ കഴിഞ്ഞ ദിവസം യു.ഡി.എഫിലേക്ക് ക്ഷണിച്ചത്. വയനാട്ടിൽ കഴിഞ്ഞയാഴ്ച ചേർന്ന കോൺഗ്രസ് നേതൃയോഗത്തിൽ പാർട്ടി വിട്ടവരെയും, മുന്നണി വിട്ടവരെയും തിരിച്ചെത്തിക്കണമെന്ന നിലപാട് കൈക്കൊണ്ടിരുന്നു. ഇതിന്റെ ഭാഗമായാണ് കേരളാ കോൺഗ്രസ് മാണി ഗ്രൂപ്പിനെ സുധാകരനും രമേശും മുന്നണിയിലേക്ക് ക്ഷണിച്ചത്. എന്നാൽ ഇത് ഇപ്പോൾ വേണ്ടിയിരുന്നില്ലെന്ന നിലപാടാണ് പ്രതിപക്ഷ നേതാവ് അടക്കമുള്ള ചില നേതാക്കൾക്കുള്ളത്. ഇപ്പോൾ സർക്കാരിനെതിരെ വലിയ ആരോപണങ്ങൾ പ്രതിപക്ഷം കൊണ്ടുവരികയും, സർക്കാരിനെ പ്രതിക്കൂട്ടിലാക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ മാണി ഗ്രൂപ്പിനെ യു.ഡി.എഫിലേക്ക് ക്ഷണിക്കുന്നത് അനാവശ്യമായ ആശക്കുഴപ്പം സൃഷ്ടിക്കാനേ ഉതകൂവെന്ന് വി.ഡി സതീശനും അദ്ദേഹത്തെ പിന്തുണയ്ക്കുന്നവരും പറയുന്നു.

## വിമുക്തഭടന്മാർക്ക് കൂടുതൽ ക്ഷേമ പദ്ധതികൾ ആലോചിക്കും: ആസാം റൈഫിൾസ് ഡയരക്ടർ ജനറൽ പി.സി നായർ




ആസാം റൈഫിൾസ് എക്സ് സർവീസ് മെൻ അസോസിയേഷൻ ഒന്നാം വാർഷികം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ആസാം റൈഫിൾസ് ഡയരക്ടർ ജനറൽ പ്രദീപ് ചന്ദ്രൻ നായർ

കോഴിക്കോട്: ആസാം റൈഫിൾസിൽ നിന്നും വിരമിക്കുന്ന സൈനികർക്ക് ക്ഷേമപദ്ധതികൾ ഏർപ്പെടുത്തുമെന്ന് ആസാം റൈഫിൾസ് ഡയരക്ടർ ജനറൽ പ്രദീപ ചന്ദ്രൻ നായർ പറഞ്ഞു. ആസാം റൈഫിൾസ് എക്സ് സർവീസ് മെൻ അസോസിയേഷൻ ഒന്നാം വാർഷികം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിലവിൽ നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ തടസമില്ലാതെ നൽകുന്നുണ്ട്. മറ്റ് പദ്ധതികൾ ആവശ്യപ്പെട്ടാൽ ആലോചിക്കാമെന്ന് പ്രദീപ് ചന്ദ്രൻ നായർ കൂട്ടിച്ചേർത്തു. ഡയരക്ടർ ജനറൽ പ്രദീപ് ചന്ദ്രൻ നായരേയും റിപ്പബ്ലിക് ദിനത്തിൽ പോലിസ് മെഡൽ നേടിയ എം.ശശീന്ദ്രനേയും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി എം.പി ഷൈജൽ ആദരിച്ചു. കമാൻഡന്റ് വി. വാസുദേവൻ അധ്യക്ഷത വഹിച്ചു. അരീസ ഡയരക്ടർ കെ.ബി കർകി, കേണൽ പി. മാധവൻ, റിട്ട. കമാൻഡന്റ് പി.എ മാത്യു, രാധാകൃഷ്ണൻ നായർ, അരീസ അടൂർ, പ്രസിഡന്റ് ചന്ദ്രശേഖരൻ നായർ സംസാരിച്ചു.

അരീസ കോഴിക്കോട് സെന്റർ പ്രസിഡന്റ് എൻ. രാമചന്ദ്രൻ നായർ സ്വാഗതവും ജോയിന്റ് സെക്രട്ടറി ടി.കെ രാമചന്ദ്രൻ നന്ദിയും പറഞ്ഞു. തുടർന്ന് ചേലിയ കഥകളി വിദ്യാലയത്തിലെ കലാകാരന്മാരായ ആർദ്ര പ്രേമിന്റെയും എസ്. അശ്വന്റിയും നൃത്തവിരുന്ന്, ഗായകൻ ചെങ്ങന്നൂർ ശ്രീകുമാറിന്റെ ഗാനാലാപനം, ടി.പി.സി വളയന്നൂരിന്റെ കവിത എന്നിവയും ഉണ്ടായിരുന്നു.

### ആംആദ്മി പാർട്ടി 'ഉണർവ്' പ്രവർത്തന ക്യാമ്പ് 17ന്

കോഴിക്കോട്: ആംആദ്മി പാർട്ടി സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന'ഉണർവ് ' പ്രവർത്തന ക്യാമ്പ് 17ന് (ബുധൻ) രാവിലെ 9.30 മുതൽ ഗാന്ധിഗൃഹത്തിൽ നടക്കുമെന്ന് ജില്ലാപ്രസിഡന്റ് അഭിലാഷ് ദാസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് വിനോദ് മാത്യു വിത്സൺ ഉദ്ഘാടനം ചെയ്യും. പാഠ്യ പദ്ധതിയടക്കം മാറ്റി എഴുതി ചരിത്രത്തെ വികലമാക്കി വർഗീയത പ്രചരിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നീക്കത്തെ ചെറുക്കാനും കെട്ടിട നിർമാണ അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, ഭൂനികുതി വർധനവ്, ഭൂമി രജിസ്ട്രേഷൻ ഫീസ് വർധനവ്, വൈദ്യുതി ചാർജ് വർധിപ്പിക്കാനുള്ള നിക്കങ്ങൾക്കെതിരേ സംസ്ഥാന സർക്കാരിനെതിരേയും ഗൃഹസന്ദർശനം നടത്തി ജനങ്ങളെ ബോധവാൻമാരാക്കുന്ന ക്യാമ്പയിൻ ആരംഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



അപ്പുനെടുങ്ങാടി അനുസ്മരണ സമിതിയുടെ ചിത്രരചനാ മത്സരത്തിന്റെ ഉദ്ഘാടന കർമം ചിത്രകാരൻ ഗുരുകുലം ബാബു നിർവഹിക്കുന്നു

## അപ്പുനെടുങ്ങാടി അനുസ്മരണ സമിതി ചിത്രരചനാ മത്സരം നടത്തി

കോഴിക്കോട്:റാവു ബഹദൂർ അപ്പുനെടുങ്ങാടി അനുസ്മരണ സമിതിയുടെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾക്കായി ചിത്രരചനാ മത്സരം നടത്തി. പ്രശസ്ത ചിത്രകാരൻ ഗുരുകുലം ബാബു ഉദ്ഘാടനം ചെയ്തു. അനുസ്മരണ സമിതി ചെയർമാൻ എൻ.വി ബാബുരാജ് അധ്യക്ഷത വഹിച്ചു. ബാബു പണിക്കർ, കെ.എം ശശിധരൻ, പി. സുന്ദർദാസ്, വി. ബാലമുരളി ആശംസകൾ നേർന്നു. അനുസ്മരണ സമിതി കൺവീനർ പി.കെ ലക്ഷ്മിദാസ് സ്വാഗതവും പി. രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു. ടൗൺഹാളിൽ നടന്ന മത്സരത്തിൽ 100ലധികം കുട്ടികൾ പങ്കെടുത്തു.



ലയൺസ് ക്ലബ്സ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318 ഇ-യുടെ നേതൃത്വത്തിൽ ലയൺസ് ക്ലബ്ബ് ഓഫ് കാലിക്കറ്റ് സോളിട്ടയർ നടത്തിയ ഫുട്ബോൾ, ക്രിക്കറ്റ് ടൂർണമെന്റിൽ ചാംപ്യൻമാരായ ലയൺസ് ക്ലബ് ഓഫ് കാലിക്കറ്റ് ഗുഡ്നെസ് ടീം

## ലയൺസ് ക്ലബ് ഓഫ് കാലിക്കറ്റ് ഗുഡ്നെസ് ചാംപ്യൻമാരായി

കോഴിക്കോട്: ലയൺസ് ക്ലബ്സ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318 ഇ-യുടെ നേതൃത്വത്തിൽ ലയൺസ് ക്ലബ്ബ് ഓഫ് കാലിക്കറ്റ് സോളിട്ടയർ നടത്തിയ ഫുട്ബോൾ, ക്രിക്കറ്റ് ടൂർണമെന്റുകളിൽ ലയൺസ് ക്ലബ് ഓഫ് കാലിക്കറ്റ് ഗുഡ്നെസ് ചാംപ്യന്മാരായി. ഏകപക്ഷീയമായ ഒരു ഗോളിന് ലയൺസ് ക്ലബ്ബ് ഓഫ് കേണിച്ചിറയെയാണ് കാലിക്കറ്റ് പരാജയപ്പെടുത്തിയത്. ലയൺസ് ക്ലബ്ബ് ഓഫ് കാലിക്കറ്റ് ഗുഡ്നെസിന് വേണ്ടി അരുൺ. പിയാണ് ഗോൾ നേടിയത്.

## കണ്ണൂർ ജില്ലാ വെറ്ററിനറി കേന്ദ്രം ഇനി ഹൈടെക്



കണ്ണൂർ ജില്ലാ വെറ്ററിനാറി കേന്ദ്രത്തിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനത്തിനായി എത്തിച്ചേർന്ന മന്ത്രി ചിഞ്ചു റാണി ചികിത്സാക്കായി കൊണ്ടുവന്ന പൂച്ചക്കുട്ടിയെ തലോടുന്നു

കണ്ണൂർ: മൃഗചികിത്സാ രംഗത്ത് ഹൈടെക് ചികിൽസാ സംവിധാനങ്ങളുമായി കണ്ണൂർ ജില്ലാ വെറ്ററിനറി കേന്ദ്രം മുഖം മിനുക്കി. കണ്ണൂർ ജില്ലാ പഞ്ചായത്ത് 38 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ച ആധുനിക ചികിത്സാ സംവിധാനങ്ങളുടെ ഉദ്ഘാടനം മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി നിർവഹിച്ചു. 12 ലക്ഷം രൂപാ ചെലവിൽ കമ്പ്യൂട്ടറൈസ്ഡ് ഡിജിറ്റൽ റേഡിയോഗ്രാഫി യൂണിറ്റ്, 11 ലക്ഷം രൂപാ ചെലവിൽ സ്ഥാപിച്ച റീജിയണൽ ക്ലിനിക്കൽ ലാബിൽ ഫുള്ളി ഓട്ടോമാറ്റിക് ബയോ കെമിസ്ട്രി സിറം അനലൈസർ വഴി ഒരു മണിക്കൂറിൽ നൂറിലധികം മൃഗങ്ങളുടെ രക്തം പരിശോധിച്ച് വൃക്ക, കരൾ, പാൻക്രിയാസ് തുടങ്ങിയവയുടെ പ്രവർത്തന പരിശോധനാ ഫലം അറിയാനാകും. അഞ്ച് ലക്ഷം രൂപാ ചെലവിൽ നിർമ്മിച്ച രക്തത്തിലെ കൗണ്ട് അറിയാനുള്ള ഹെമറ്റോളജി അനലൈസർ, മൃഗങ്ങളിലെ കാത്സ്യം,സോഡിയം, പൊട്ടാസ്യം ക്ലോറൈഡ് അറിയാൻ സഹായിക്കുന്ന ഇലക്ട്രോലൈറ്റ് അനലൈസറും പ്രവർത്തനസജ്ജമായി. ഓപ്പറേഷൻ തീയേറ്ററിലെ പൾസ് ഓക്സിമെട്രി, വെന്റിലേറ്റർ സംവിധാനമുള്ള അനസ്തേഷ്യമെഷീൻ, ജനിച്ചുവീഴുന്ന കുഞ്ഞുങ്ങൾക്കുള്ള അടിയന്തര പരിചരണം നൽകാനുപയോഗിക്കുന്ന നിയോനേറ്റൽ ഇൻക്യുബേറ്റർ, ശ്വാസതടസ്സമുണ്ടാകുമ്പോൾ ഉപയോഗിക്കുന്ന ഓക്സിജൻ കോൺസൻട്രേറ്ററും ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ ക്വാർട്ടേഴ്സിന്റെ ഉദ്ഘാടനവും മന്ത്രി ജെ.ചിഞ്ചുറാണി നിർവഹിച്ചു.

# കന്നുകാലികളിലെ ബ്രൂസെല്ലോസിസ് രോഗ പ്രതിരോധകുത്തിവയ്പ്പ് തുടങ്ങി




ബ്രൂസെല്ല ഒന്നാംഘട്ട രോഗപ്രതിരോധ കുത്തിവയ്പ്പ് കണ്ണൂർ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ നിർവഹിക്കുന്നു

കണ്ണൂർ: സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായുള്ള ബ്രൂസെല്ല പ്രതിരോധ കുത്തിവെയ്പ്പ് യജ്ഞം ഇന്നലെ (മെയ് 15 ) മുതൽ ആരംഭിച്ചു. നാല് മാസത്തിനും എട്ട് മാസത്തിനും ഇടയിലുള്ള എല്ലാ പശുക്കുട്ടികൾക്കും എരുമക്കുട്ടികൾക്കുമുള്ള ബ്രൂസെല്ലോസിസ് രോഗപ്രതിരോധ കുത്തിവെയ്പ്പ് മെയ് 15 മുതൽ 19 വരെയുള്ള അഞ്ച് ദിവസങ്ങളിൽ എല്ലാ മൃഗാശുപത്രികൾ ,വെറ്ററിനറി സബ് സെന്ററുകൾ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പാൽ സൊസൈറ്റികൾ എന്നിവയുടെ പരിസരങ്ങളിലും ഭവന സന്ദർശനം വഴിയും സൗജന്യമായി ലഭിക്കും. ബ്രൂസെല്ലാ രോഗത്തിന് ചികിത്സ ഇല്ലാത്തതിനാൽ ഒറ്റത്തവണ കുത്തിവെയ്പിലൂടെ മാത്രമേ പ്രതിരോധം സാധ്യമാകൂ. അതുകൊണ്ട് കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി പറഞ്ഞു. വാക്സിനേഷൻ യജ്ഞം പൂർത്തീകരിക്കാൻ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെയും അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാരെയും നിയോഗിച്ചതായി മന്ത്രി പറഞ്ഞു.

ബ്രൂസെല്ലാ വാക്സിനേഷൻ യജ്ഞത്തിന്റെ കോട്ടയം ജില്ലാതല ഉദ്ഘാടനം കടുത്തുരുത്തി മൃഗാശുപത്രിയുടെ സെമിനാർ ഹാളിൽ വെച്ച് മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. കടുത്തുരുത്തി പഞ്ചായത്ത് പ്രസിഡന്റ് സൈനമ്മ സാജു അധ്യക്ഷയായ ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.വി സുനിൽ , വൈസ് പ്രസിഡന്റ് നയന, ചീഫ് വെറ്ററിനറി ഓഫീസർ ഡോ.മനേജ്കുമാർ, ഡോ.ജയദേവൻ എന്നിവർ പങ്കെടുത്തു.

കണ്ണൂർ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ നിർവ്വഹിച്ചു. മൃഗങ്ങളിലെ രോഗങ്ങൾ കണ്ടെത്തി പ്രതിരോധകുത്തിവെയ്പ്പ് നൽകുന്നതിൽ മൃഗസംരക്ഷണ വകുപ്പ് അതീവജാഗ്രതയോടെയാണ് പ്രവർത്തിക്കുന്നതെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ വെച്ച് നടന്ന പരിപാടിയിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. എസ്.ജെ ലേഖ അധ്യക്ഷത വഹിച്ചു. കോർപ്പറേഷൻ സ്ഥിരം സമിതി അധ്യക്ഷൻ സുരേഷ്ബാബു എളയാവൂർ, ടി.രമേശൻ, ചീഫ് വെറ്ററിനറി ഓഫീസർ ഡോ.ടിവി ജയമോഹനൻ തുടങ്ങിയവർ പങ്കെടുത്തു.



ബഹ്റൈനിലെ ഇടതുപക്ഷ കൂട്ടായ്മയായ 'ഒന്നാണ് കേരളം ഒന്നാമതാണ് കേരളം' കൂട്ടായ്മയിലെ നേതാക്കൾ മലയാള ഭാഷാ മിഷൻ ഡയരക്ടറും പ്രശസ്ത കവിയും എഴുത്തുകാരനുമായ മുരുകൻ കാട്ടാക്കടയെ സന്ദർശിച്ചപ്പോൾ

## ബഹ്റൈൻ ഇടതുപക്ഷ കൂട്ടായ്മ നേതാക്കൾ മുരുകൻ കാട്ടാക്കടയെ സന്ദർശിച്ചു

മനാമ: ബഹ്റൈനിലെ ഇടതുപക്ഷ കൂട്ടായ്മയായ 'ഒന്നാണ് കേരളം ഒന്നാമതാണ് കേരളം' കൂട്ടായ്മയിലെ നേതാക്കൾ വിശ്വമലയാളം ബഹ്റൈൻ ചാപ്റ്ററിന്റെ സമ്പൂർണ മാതൃഭാഷ സാക്ഷരത സെഷൻ പ്രവർത്തനോദ്ഘാടനാർത്ഥം ബഹ്റൈനിലെത്തിയ മലയാള ഭാഷാ മിഷൻ ഡയരക്ടറും പ്രശസ്ത കവിയും എഴുത്തുകാരനുമായ മുരുകൻ കാട്ടാക്കടയെ സന്ദർശിച്ചു. പ്രവാസി കമ്മീഷനംഗം സുബൈർ കണ്ണൂർ, ലോകകേരള സഭാംഗങ്ങളായ സി.വി നാരായൺ, ഷാജി മുതല, ബഹ്റൈൻ ഒ.എൻ.സി.പി പ്രസിഡന്റ് എഫ്.എം ഫൈസൽ, ബഹ്റൈൻ പ്രതിഭ പ്രസിഡന്റ് ജോയ് വെട്ടിയാടൻ, സെക്രട്ടറി പ്രദീപ പത്തേരി എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

## കുടുംബശ്രീ ദിന പ്രഖ്യാപനവും രജത ജൂബിലി ആഘോഷങ്ങളുടെ സമാപനവും

# കാലാവസ്ഥാ വ്യതിയാന വിഷയങ്ങളിലും കുടുംബശ്രീ ഫലപ്രദമായ പങ്കാളിത്തം ഉറപ്പുവരുത്തണം: അരുണാ റോയ്



കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ സജിത് സുകുമാരൻ രചിച്ച 'അയലുറവുകൾ-ഒരു കുടുംബശ്രീ യാത്ര' പുസ്തകത്തിന്റെ പ്രകാശനം അരുണാ റോയ് ഓൺലൈനായി നിർവഹിച്ചതിനുശേഷം ആദ്യ കോപ്പി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും പാനൽ ചർച്ചയുടെ മോഡറേറ്ററുമായ ശാരദാ മുരളീധരനിൽ നിന്നും കുടുംബശ്രീയുടെ ഏറ്റവും പ്രായം കുറഞ്ഞ സി.ഡി.എസ് അധ്യക്ഷയായ ആയിഷാബി ഏറ്റുവാങ്ങുന്നു

തിരുവനന്തപുരം: എല്ലാ സാമൂഹ്യപ്രശ്നങ്ങളിലും ഫലപ്രദമായി ഇടപെടുന്ന കുടുംബശ്രീ കാലാവസ്ഥാ വ്യതിയാന വിഷയങ്ങളിലും ഫലപ്രദമായ പങ്കാളിത്തം ഉറപ്പു വരുത്തണമെന്ന് മാഗ്സസെ അവാർഡ് ജേതാവും പരിസ്ഥിതി പ്രവർത്തകയുമായ അരുണ റോയ് പറഞ്ഞു. കുടുംബശ്രീ രജത ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് 'കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ സാമൂഹ്യ സംഘടനാ സംവിധാനമെന്ന നിലയ്ക്ക് കുടുംബശ്രീയുടെ പങ്ക്' എന്ന വിഷയത്തിൽ രണ്ടാം ദിവസം സംഘടിപ്പിച്ച പാനൽ ചർച്ചയിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു അവർ. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ മോഡറേറ്ററായി.46 ലക്ഷം അംഗങ്ങളുള്ള കുടുംബശ്രീ പ്രസ്ഥാനം അക്ഷരാർത്ഥത്തിൽ ഒരു വിപ്ലവമാണെന്നും അവരിലൂടെ കേരളം മുന്നേറുകയാണെന്നും അരുണാ റോയ് പറഞ്ഞു. നിസഹായരും അശരണരുമായ നിരവധി വനിതകളെ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കി കേരളീയ വനിതകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കുടുംബശ്രീക്ക് കഴിഞ്ഞു. കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിലും പരിസ്ഥിതി സംരംക്ഷണത്തിലും കേരളത്തിലെ കുടുംബശ്രീ അംഗങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. മാലിന്യ സംസ്കരണത്തിൽ ഹരിതകർമസേന നടത്തുന്നത് അഭിനന്ദനാർഹമായ സേവനമാണ്. പ്രകൃതി വിഭവങ്ങൾ വരുംതലമുറയ്ക്ക് വേണ്ടി കാത്തുസൂക്ഷിക്കുകയെന്ന ദൗത്യമാണ് കുടുംബശ്രീ അംഗങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതെന്നും അവർ കൂട്ടി ചേർത്തു. ജൈവമാലിന്യങ്ങളിൽ നിന്നും പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങൾ നിർമിക്കുന്നതിലൂടെ കാലാവസ്ഥാ വ്യതിയാന വിഷയത്തിൽ ഹരിതകർമ സേനയ്ക്ക് വലിയ പങ്ക് വഹിക്കാനാകും. കുടുംബശ്രീ മോഡൽ വികസനം രാജ്യത്തിനാകെ മാതൃകയാണെന്നും അരുണ റോയ് വ്യക്തമാക്കി. പ്ലാസ്റ്റിക് ഉപഭോഗം കുറയ്ക്കാൻ വ്യക്തികളേക്കാൾ ഏറെ ഒരു സമൂഹമായി പ്രവർത്തിച്ച് മുന്നോട്ടു പോകണമെന്ന് പരിസ്ഥിതി പ്രവർത്തകയും ആദിവാസി അവകാശ പ്രവർത്തകയുമായ അമൃത ഭട്ടാചാര്യ പറഞ്ഞു. ഓരോ സംസ്ഥാനത്തെയും ദുരന്ത നിവാരണത്തിനുള്ള പ്ലാനിൽ കുടുംബശ്രീയുടെ പങ്ക് വളരെ വലുതാണെന്നും കാലാവസ്ഥാ വ്യതിയാനം എന്ന ആഗോള പ്രതിസന്ധിയുടെ ദൂഷ്യഫലങ്ങൾ അനുഭവിക്കുന്ന സംസ്ഥാനം എന്ന നിലയ്ക്ക് പുതിയ പദ്ധതികൾ വിഭാവനം ചെയ്യാൻ കുടുംബശ്രീ പങ്കു ചേരണമെന്നും സ്റ്റേറ്റ് പ്ലാനിങ്ങ് ബോർഡ് അംഗം മിനി സുകുമാർ പറഞ്ഞു. നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ മെന്റർ ശശികല, ഹരിതകർമ സേന വടകര കൺസോർഷ്യം സെക്രട്ടറി അനില, ഹരിതകർമ സേന ഗുരുവായൂർ പ്രസിഡന്റ് റീന സുരേഷ് തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു സംവദിച്ചു. കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ സജിത് സുകുമാരൻ രചിച്ച 'അയലുറവുകൾ-ഒരു കുടുംബശ്രീ യാത്ര' പുസ്തകത്തിന്റെ പ്രകാശനവും അരുണാ റോയ് ഓൺലൈനായി നിർവഹിച്ചു. ആദ്യ കോപ്പി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും പാനൽ ചർച്ചയുടെ മോഡറേറ്ററുമായ ശാരദാ മുരളീധരനിൽ നിന്നും കുടുംബശ്രീയുടെ ഏറ്റവും പ്രായം കുറഞ്ഞ സി.ഡി.എസ് അധ്യക്ഷയായ ആയിഷാബി ഏറ്റുവാങ്ങി.

## 'എന്റെ കേരളം'; തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഒരുക്കം തുടങ്ങി

തിരുവനന്തപുരം: രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി കേരളം കൈവരിച്ച നേട്ടങ്ങളുടെ പട്ടികയിൽ മൃഗ സംരക്ഷണ വകുപ്പിന്റെ പങ്ക് വിളിച്ചോതുന്ന സ്റ്റാളിനുള്ള ഒരുക്കങ്ങൾ മൃഗസംരക്ഷണ വകുപ്പ് തുടങ്ങി. തിരുവനന്തപുരം കനകക്കുന്നിൽ യുവതയുടെ കേരളം, കേരളം ഒന്നാമത് എന്ന വിഷയത്തെ ആസ്പദമാക്കി മെയ് 20 മുതൽ മെയ് 27 വരെയാണ് മേള നടക്കുക. സന്ദർശകർക്ക് അറിവും ആനന്ദവും നൽകാനായി ഇത്തവണ നിരവധി വൈവിധ്യമാർന്ന പക്ഷിമൃഗാദികളും മേളയിൽ വിരുന്നുകാരായെത്തും. വകുപ്പ് വിഭാവനം ചെയ്ത പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചുമെല്ലാം കർഷകർക്കും സംരംഭകർക്കും ഒറ്റനോട്ടത്തിൽ അറിയാനുള്ള പുത്തൻ സാങ്കേതിക സംവിധാനങ്ങളുമായെല്ലാമായാകും സ്റ്റാളിൽ കാഴ്ചക്കാരെ കാത്തിരിക്കുന്നത്.

## 'കടാശ്ശേരി ശങ്കരൻ' അനുസ്മരണ സമ്മേളനം നടത്തി

കോഴിക്കോട്: നീണ്ട വ്യാഴവട്ടക്കാലം തൊഴിലാളി-സാമൂഹ്യ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച കടാശ്ശേരി ശങ്കരന്റെ ഒമ്പതാം ചരമവാർഷികത്തോടനുബന്ധിച്ച് അനുസ്മരണ സമ്മേളനവും കാടാശ്ശേരി ശങ്കരൻ മെമ്മോറിയൽ പുരസ്കാര വിതരണവും നടത്തി. ഉദ്ഘാടനവും ഉപഹാര സമർപ്പണവും കോർപറേഷൻ കൗൺസിൽ പ്രതിപക്ഷ നേതാവ് കെ.സി ശോഭിത നിർവഹിച്ചു. പുരുഷോത്തമം പുതുക്കുടി പുരസ്കാരം ഏറ്റുവാങ്ങി. രാമദാസ് വേങ്ങേരി അധ്യക്ഷത വഹിച്ചു. കെ.പി.സി.സി മെമ്പർ കെ.വി സുബ്രമണ്യൻ മുഖ്യാതിഥിയായിരുന്നു.

എം.പി രാമകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. സദാനന്ദൻ.പി, എം.എ റഹ്മാൻ, പീപ്പിൾസ് റിവ്യൂ ചീഫ് എഡിറ്റർ പി.ടി നിസാർ, തങ്കം പറമ്പിൽ, ബീന ഗോപാലൻ എന്നിവർ ആശംസകൾ നേർന്നു. ശ്രീകല വിജയൻ സ്വാഗതവും ജനറൽ കൺവിനർ സി.ശശി നന്ദിയും പറഞ്ഞു.



ബോചെ ഫാൻസ് ചാരിറ്റബിൾ ട്രസ്റ്റ് ആപ്പ് വഴി സഹായമഭ്യർഥിച്ചവർക്കുള്ള ധനസഹായ വിതരണ ചടങ്ങിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമായി നിലവിളക്ക് കത്തിക്കുന്ന ബോചെ

# ബോചെ 30 ലക്ഷം രൂപ ധനസഹായമായി നൽകി

തൃശൂർ: ബോബി ഗ്രൂപ്പിന്റെ ധനസഹായത്തിന്റെ ഈ സാമ്പത്തിക വർഷത്തിലെ ആദ്യത്തെ ഗഡുവായ 30 ലക്ഷം രൂപ വിതരണം ചെയ്തു. ബോചെ ഫാൻസ് ചാരിറ്റബിൾ ട്രസ്റ്റ് ആപ്പ് വഴി സഹായമഭ്യർത്ഥിച്ചവർക്കാണ് ധനസഹായം നൽകിയത്. ദിവസേന നൽകിവരുന്ന ധനസഹായത്തിനു പുറമെയാണ് 30 ലക്ഷം രൂപ നൽകിയത്. ചെമ്മണൂർ കോർപ്പറേറ്റ് ഓഫിസിൽ വെച്ച് നടന്ന പരിപാടി തൃശൂർ മേയർ എം.കെ വർഗീസ് ഉദ്ഘാടനം ചെയ്തു. തൃശൂർ എം.എൽ.എ പി. ബാലചന്ദ്രൻ, ജില്ലാ കലക്ടർ വി.ആർ കൃഷ്ണ തേജ ഐ.എ.എസ്, തൃശൂർ കോർപറേഷൻ ഡെപ്യൂട്ടി മേയർ എം.എൽ റോസി, ബോബി ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയരക്ടറുമായ ബോചെ, മാർക്കറ്റിംഗ് ജനറൽ മാനേജർ അനിൽ സി.പി. എന്നിവർ ചടങ്ങിൽ ആശംസകളർപ്പിച്ചു. ബോബി ഗ്രൂപ്പ് പി.ആർ.ഒ ജോജി എം.ജെ സ്വാഗതം പറഞ്ഞു. ചെമ്മണൂർ ക്രെഡിറ്റ്സ് ആന്റ് ഇൻവെസ്റ്റ്മെന്റ്സ് ലിമിറ്റഡിന്റെ അഡ്മിനിസ്ട്രേഷൻ സീനിയർ മാനേജർ രവീന്ദ്രനാഥൻ നന്ദി പറഞ്ഞു. ധനസഹായത്തിന് പുറമെ തൃശൂർ റെയിൽവെ സ്റ്റേഷനിലേക്കുള്ള വീൽചെയറുകളും, സ്ട്രെച്ചറുകളും ബോചെ വിതരണം ചെയ്തു.



രാഷ്ട്രപതിയുടെ 2023ലെ വിശിഷ്ട സേവാമെഡൽ ജേതാവ് കമാൻഡന്റ് എം.ശശീന്ദ്രന് എം.കെ രാഘവൻ എം.പി ഉപഹാരം നൽകുന്നു

## രാഷ്ട്രപതിയുടെ 2023ലെ വിശിഷ്ട സേവാമെഡൽ ജേതാവ് കമാൻഡന്റ് എം.ശശീന്ദ്രനെ അനുമോദിച്ചു

കോഴിക്കോട്: രാഷ്ട്രപതിയുടെ 2023ലെ വിശിഷ്ട സേവാ മെഡലിന് അർഹനായ അസം റൈഫിൾസ് കമാൻഡന്റ് എം.ശശീന്ദ്രനെ കോഴിക്കോട് കോ-ഓപറേറ്റീവ് ആർട്സ് ആന്റ് കൊമേഴ്സ് കോളേജിലെ 1982-85 ബാച്ച് ബി.എ വിദ്യാർഥികളുടെ കൂട്ടായ്മയായ 'സംസ്കാര 85' അനുമോദിച്ചു. കാലിക്കറ്റ് ടവറിൽ വച്ച് നടന്ന ചടങ്ങിൽ എം.ശശീന്ദ്രന് എം.കെ രാഘവൻ എം.പി ഉപഹാരം നൽകി. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ മുഖ്യ പ്രഭാഷണം നടത്തി. കെ. മുസ്തഫ, കെ.സുനിൽകുമാർ , പി.ജനാർദ്ദനൻ മാസ്റ്റർ, സി.പി പത്മചന്ദ്രൻ , എൻ. ജയകൃഷ്ണൻ , പി.രവീന്ദ്രൻ, കെ. സുഭാഷിണി, സി.വിവൽസു , സി.ദേവപ്രസാദ്, എം.കെ പ്രേംനാഥ്, പി.കെ ജവഹർ എന്നിവർ സംസാരിച്ചു.

## പ്രാണാസമർപ്പണം നിത്യകല്യാണി പുരസ്കാരം പ്രഖ്യാപിച്ചു

തലശ്ശേരി: പ്രാണാ അക്കാദമി ഓഫ് പെർഫോമൻസ് ആർട്സ് ട്രസ്റ്റ് ഗുരുകലാമണ്ഡലം കല്യാണിക്കുട്ടിയമ്മയുടെ പേരിലുള്ള നിത്യ കല്യാണി പുരസ്കാരം പ്രഖ്യാപിച്ചു. പ്രാണാ അക്കാദമിയിൽ നടന്ന ചടങ്ങിൽ കേരള സംഗീത നാടക അക്കാദമി ചെയർമാനും പ്രാണയുടെ മുഖ്യരക്ഷാധികാരിയുമായ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാരാണ് അവാർഡുകൾ പ്രഖ്യാപിച്ചത്.

പ്രാണാ അക്കാദമിയുടെ സ്ഥാപക ഡയരക്ടറും മോഹിനിയാട്ടം നർത്തകിയുമായ നാട്യജ്യോതി മണിമേഘലയും ഡൽഹി പഞ്ചവാദ്യം ട്രസ്റ്റ് സ്ഥാപകൻ ചെറുതാഴം കുഞ്ഞിരാമൻ മാരാറും ചടങ്ങിൽ പങ്കെടുത്തു. മോഹിനിയാട്ടത്തിന്റെ അമ്മ, കേരളത്തിന്റെ തനത് കലാരൂപമായ മോഹിനിയാട്ടത്തിന് സ്വജീവിതം സമർപ്പിച്ച ഗുരു കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയുടെ പേരിലുള്ള ആദ്യത്തെ 'നിത്യകല്യാണി' പുരസ്കാരം കല്യാണിക്കുട്ടി അമ്മയുടെ മകളും മോഹിനിയാട്ടം നർത്തകിയും അധ്യാപികയുമായ കലാവിജയന് സമർപ്പിക്കും.ഗുരുശ്രേഷ്ഠപുരസ്കാരം-കലാമണ്ഡലം ഉണ്ണികൃഷ്ണൻ (കലാമണ്ഡലം മുൻ പ്രിൻസിപ്പാൾ ), കലാചാര്യ പുരസ്കാരം-സദനം ഗോപാലകൃഷ്ണൻ (സദനം കഥകളി അക്കാദമി പ്രിൻസിപ്പാൾ ), കലാ ഉപാസന പുരസ്കാരം- അയ്മനം കെ. പ്രദീപ് (കർണാട്ടിക് വയലിനിസ്റ്റ് ), ക്ഷേത്രകലാശ്രേഷ്ഠ പുരസ്കാരം -ഡോ. കലാമണ്ഡലം കൃഷ്ണേന്ദു (നങ്ങ്യാർകൂത്ത്, കൂടിയാട്ടം), കലേനാർ പുരസ്കാരം-സുശീൽ തിരുവങ്ങാട് (സിനി ആർട്ടിസ്റ്റ്), കലാസപര്യ പുരസ്കാരം- സന്തോഷ് ചിറക്കര (ചിത്രകല, സിനിമ ആർട്ട് ഡയരക്ടർ), സംഗീതസപര്യ ആദരവ്- നിഷ മുരളീധരൻ (കർണാട്ടിക് സംഗീതജ്ഞ, അധ്യാപിക), നാട്യ ഇളവരസി പുരസ്കാരം-ദയ പ്രാണാ ( മോഹിനിയാട്ടം), യുവ കലാരത്നം പുരസ്കാരം-മഞ്ജിമ കലാർപ്പണ ( ഭരതനാട്യം), ശ്രീബാല പുരസ്കാരം- അനന്യ പ്രശാന്ത് (ഭരതനാട്യം ) എന്നിവർക്കും സമർപ്പിക്കും.

വാദ്യ, സംഗീത, നൃത്തം, ക്ഷേത്രകല, അഭിനയം, ചിത്രകല, ശിൽപകല തുടങ്ങി കലയുടെ വ്യത്യസ്ത മേഖലകളിൽ മികവ് തെളിയിക്കുകയും സാമൂഹിക പ്രതിബദ്ധതയുമുള്ള കലാകാരന്മാരെയാണ് മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ, ചെറുതാഴം കുഞ്ഞിരാമൻ മാരാർ, കലൈമാമണി ചാലക്കര പുരുഷു, നാട്യ ജ്യോതി മണിമേഘല എന്നിവർ ഉൾപ്പെട്ട ജൂറി അംഗങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നത്. പ്രാണയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 30ന് വൈകീട്ട് ഏഴ് മണിക്ക് ഗുരുവായൂർ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ വച്ച് അവാർഡ് സമർപ്പണം നടത്തുവാൻ ട്രസ്റ്റ് അംഗങ്ങൾ തീരുമാനിച്ചു.




# 'ഗില്ലാട്ടം'

## ശുഭ്മാൻ ഗില്ലിന്റെ സെഞ്ചുറി മികവിൽ ഗുജറാത്ത് പ്ലേ ഓഫിലേക്ക്

അഹമ്മദാബാദ്: ഇന്ത്യൻ ടീമിന്റെ ഭാവി ഓപ്പണിങ് ബാറ്റിങ് തന്നിൽ സുഭദ്രമാണെന്ന് തെളിയിക്കുന്നതായിരുന്ന കഴിഞ്ഞ മത്സരത്തിലെ സൺറൈസേഴ്സ് ഹൈദരാബാദിനെതിരേ ശുഭ്മാൻ ഗില്ലിന്റെ മിന്നും പ്രകടനം. ഗില്ലിന്റെ ആദ്യ ഐ.പി.എൽ സെഞ്ചുറിയുടെ മികവിൽ 188 റൺസ് നേടിയ ഗുജറാത്ത് ടൈറ്റൻസ് സൺറൈസേഴ്സിനെ 34 റൺസിന് പരാജയപ്പെടുത്തി. ഈ സീസണിലൂടനീളം മികച്ച പ്രകടനം കാഴ്ച വച്ചുക്കൊണ്ടിരിക്കുന്ന ഗില്ലിന്റെ ക്ലാസിക്ക് ഇന്നിങ്സിനായിരുന്ന നരേന്ദ്രമോദി സ്റ്റേഡിയം സാക്ഷ്യം വഹിക്കച്ചത്.




സൺറൈസേഴ്സ് ഹൈദരാബാദിനെതിരേ സെഞ്ചുറി നേടിയ ശുഭ്മാൻ ഗില്ലിന്റെ ആഹ്ലാദ പ്രകടനം

ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ഗുജറാത്തിന് അക്കൗണ്ട് തുറക്കും മുന്നേ സാഹയെ നഷ്ടമായി. ഭുവനേശ്വർ കുമാറിനായിരുന്നു വിക്കറ്റ്. എന്നാൽ രണ്ടാമനായി ക്രീസിലെത്തിയ സായ് സുദർശ(47)നെ കൂട്ടുപ്പിടിച്ച ഗിൽ ഗുജറാത്തിനെ മികച്ച സ്കോറിലേക്ക് നയിച്ചു. ഗില്ലും സായ്സുദർശനുമൊഴികെ മറ്റാർക്കും ഗുജറാത്ത് നിരയിൽ രണ്ടക്കം കടക്കാനായില്ല.

രണ്ടാം വിക്കറ്റിൽ ഇരുവരും 147 റൺസാണ് കൂട്ടിച്ചേർത്തത്. 13 ഫോറുകളും ഒരു സിക്സും ഉൾപ്പെടെ 58 പന്തിൽ 101 റൺസി നേടിയാണ് ഗിൽ മടങ്ങിയത്. അപ്പോഴേക്കും ഗുജറാത്ത് മികച്ച ടോട്ടലിൽ എത്തിയിരുന്നു. ഐ.പി.എല്ലിൽ ഗുജറാത്ത് ടൈറ്റൻസിനായി സെഞ്ചുറി നേടുന്ന ആദ്യ താരമാണ് ശുഭ്മാൻ ഗിൽ. ഫ്രാഞ്ചൈസിയുടെ അരങ്ങേറ്റ സീസണായിരുന്ന 2022ൽ ടൈറ്റൻസിന്റെ ഒരു ബാറ്ററും മൂന്നക്കം കണ്ടിരുന്നില്ല. ഐ.പി.എല്ലിൽ ടൈറ്റൻസിന്റെ ഇതുവരെയുള്ള ടോപ് സ്കോററും ഗില്ലാണ്. ഈ വർഷം ഐ.പി.എല്ലിന് പുറമെ ടെസ്റ്റിലും ഏകദിനത്തിലും രാജ്യാന്തര ട്വന്റി 20യിലും സെഞ്ചുറിയുള്ള താരമാണ് ഗിൽ. ഇവയിൽ മൂന്ന് ശതകങ്ങൾ(ട്വന്റി 20, ടെസ്റ്റ്, ഐ.പി.എൽ) അഹമ്മദാബാദിലായിരുന്നു.

ഗില്ലിന്റെ സെഞ്ചുറി പ്രകടനത്തോടൊപ്പം തന്നെ എടുത്തുവയ്ക്കാവുന്ന പ്രകടനമായിരുന്നു ഭുവനേശ്വർ കുമാറിന്റേതും നാലോവറിൽ 30 റൺസ് വഴങ്ങി അഞ്ച് വിക്കറ്റാണ് ഭുവനേശ്വർ കുമാർ വീഴ്ത്തിയത്. ഗില്ലിന്റെ വിക്കറ്റുൾപ്പെടെ മൂന്ന് വിക്കറ്റ് വീഴ്ത്തിയ ഭുവനേശ്വറിന്റെ അവസാന ഓവറിൽ ഒരു റണ്ണൗട്ട് കൂടി ഉണ്ടായിരുന്നു. നിശ്ചിത 20 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 188 റൺസാണ് ഗുജറാത്ത് നേടിയത്.

മറുപടി ബാറ്റിങ്ങിൽ സൺറൈസേഴ്സിന് ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 154 റൺസ് മാത്രമേ നേടാനായുള്ളൂ. 64 റൺസെടുത്ത ഹെൻറിച്ച് ക്ലാസനൊഴികെ മറ്റാർക്കും ഹൈദരാബാദ് നിരയിൽ തിളങ്ങാനായില്ല. ഗുജറാത്തിനായി മുഹമ്മദ് ഷമി, മോഹിത് ശർമ എന്നിവർ നാല് വിക്കറ്റ് വീതവും യാഷ് ദയാൽ ഒരു വിക്കറ്റും നേടി. ശുഭ്മാൻ ഗില്ലാണ് പ്ലെയർ ഓഫ് ദ മാച്ച്. ജയത്തോടുകൂടി പ്ലേ ഓഫ് പ്രവേശനം ഉറപ്പാക്കാനും ഗുജറാത്തിന് സാധിച്ചു. 13 മത്സരങ്ങളിൽ നിന്ന് 18 വപോയിന്റാണ് ഗുജറാത്തിനുള്ളത്. പോയിന്റ് ടേബിളിൽ മുമ്പിലും ഗുജറാത്ത് തന്നെയാണ്.

## 'എന്റെ കേരളം പ്രദർശന വിപണനമേള': കൗതുകമായി മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റാൾ

മലപ്പുറം: പൊന്നാനി എ.വി സ്കൂൾ മൈതാനത്ത് വച്ച് നടക്കുന്ന 'എന്റെ കേരളം 2023' പ്രദർശന-വിപണനമേളയിൽ കൗതുകമുണർത്തി ജില്ലാ മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റാളുകൾ. നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി (എ.ബി.സി) യുടെ പരിച്ഛേദം മാതൃകയൊരുക്കിയാണ് സ്റ്റാൾ ശ്രദ്ധേയമാകുന്നത്. വാഴയൂർ മൃഗാശുപത്രിയിലെ അറ്റൻഡന്റ് ആയ അരവിന്ദൻ പ്ലൈവുഡിൽ ഒരുക്കിയ മാതൃകയിൽ മൃഗസംരക്ഷണ വകുപ്പ് ജീവനക്കാർ തെരുവ് നായകളെ പിടിച്ച് വന്ധ്യംകരണം നടത്തുന്നതിന്റെ വിവിധ ഘട്ടങ്ങളാണ് പ്രതിപാദിക്കുന്നത്. കൂടാതെ ജില്ലാ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്ന് വിരിഞ്ഞിറങ്ങിയ ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ, വിവിധയിനം പക്ഷിവർഗ്ഗങ്ങളുടെ മുട്ടകൾ, ആട്ടിൻ കൂട് മാതൃക, കുതിരയുടെ തലയോട്, സൈക്കിളിൽ പ്രവർത്തിക്കുന്ന കറവയന്ത്രം, ആടുകർക്കുള്ള കറവയന്ത്രം എന്നിവ കൂടാതെ ആറ് കാലുകളോട് കൂടി ജനിച്ച ആട്ടിൻ കുട്ടി, കുരങ്ങിന്റെ ഗർഭസ്ഥ ശിശു, വിവിധ വിരകൾ എന്നിവയുടെ ഫോർമാലിൻ മാതൃകകളും പ്രദർശന സ്റ്റാളിൽ ഒരുക്കിയിട്ടുണ്ട്.




'എന്റെ കേരളം' പ്രദർശന വിപണനമേളയിലെ നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതിയുടെ പരിച്ഛേദം മാതൃക



കോഴിക്കോട് രജിസ്ട്രേഷൻ കോംപ്ലക്സ് പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന ചടങ്ങിൽ മ്യൂസിയം-പുരാവസ്തു -പുരാരേഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ശിലാഫലകം അനാച്ഛാദനം ചെയ്യുന്നു

## കേരളത്തിൽ കൃഷിക്കൂട്ടങ്ങളുടെ ആവിർഭാവം പുതിയൊരു കാർഷിക സംസ്കൃതി സൃഷ്ടിക്കും: മുഖ്യമന്ത്രി

പെരിന്തൽമണ്ണ: 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി നിർമിക്കപ്പെട്ട കൃഷിക്കൂട്ടങ്ങൾ കേരളത്തിൽ ഒരു പുതിയ കാർഷിക സംസ്കാരം സൃഷ്ടിച്ചിരിക്കുകയാണ് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള സർക്കാരിന്റെ മൂന്നാം നൂറുദിന പദ്ധതികളുടെ ഭാഗമായി എയിംസ് പോർട്ടൽ മുഖേന 20,000 കൃഷിക്കൂട്ടങ്ങളുടെ പഞ്ചായത്തുതല രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനവും മൂല്യവർധനമേഖലയിലെ 1000 കൃഷിക്കൂട്ടങ്ങളുടേയും സേവനമേഖലയിലെ 200 യന്ത്രവൽകൃത കൃഷിക്കൂട്ടങ്ങളുടേയും സംസ്ഥാനതല പ്രവർത്തന ഉദ്ഘാടനം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഷിഫ കൺവെൻഷൻ സെന്ററിൽ വച്ച് നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. പഴം പച്ചക്കറി മേഖലയിൽ കേരളം സ്വയം പര്യാപ്തതയിലേക്ക് നീങ്ങുകയാണ്. ചെറുധാന്യങ്ങളുടെ കൃഷിയിലും ഗണ്യമായ ഉൽപാദന വർധനവ് ഉണ്ടായിട്ടുണ്ട്. വിലസ്ഥിരത ഫണ്ട് 600 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കാർഷിക ഉൽപന്നങ്ങളെ മൂല്യവർധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റി വിപണനം ചെയ്യുന്നതിന് ആവശ്യമായ എല്ലാ ഭൗതികസാഹചര്യങ്ങളും സർക്കാർ ഒരുക്കിയിട്ടുണ്ട്. ഇത് കർഷകന് മെച്ചപ്പെട്ട വരുമാനം ഉണ്ടാക്കാൻ സഹായകമാകും. ശാസ്ത്രീയമായ കൃഷിരീതിയും കാർഷിക ഉൽപ്പന്ന ശേഖരണവും, സംസ്കരണവും വ്യാവസായിക പ്രാധാന്യമുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമാണവും സമയബന്ധിതമായി നടപ്പാക്കുകയും വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ വഴി വിപണിയിൽ എത്തിക്കുകയും ചെയ്യുന്നത് കർഷകർക്ക് ഏറെ ഗുണം ചെയ്യും. കൃഷി വകുപ്പിന് പുറമേ 11 മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ സേവനവും സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. സമൂഹത്തിന്റെ കൂട്ടായ പരിശ്രമവും നവീന കൃഷി രീതികളും ഉൽപാദന വർധനവ് യാഥാർഥ്യമാക്കി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ക്ലൗഡ് കമ്പ്യൂട്ടിംഗ് എന്നിവ കാർഷികരംഗത്ത് വൻ മാറ്റങ്ങൾ സൃഷ്ടിക്കുകയാണ്. ഇതനുസരിച്ച് കർഷക സമൂഹം മാറേണ്ടതുണ്ട്. പുതിയ കാലത്തിന്റെ താൽപര്യത്തിനനുസരിച്ച് മൂല്യവർധിത ഉൽപന്ന നിർമാണവും വിപണനവും ചെയ്യാൻ ശ്രദ്ധിക്കണണെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് അധ്യക്ഷത വഹിച്ചു. ഉൽപ്പന്ന പ്രദർശന ഉദ്ഘാടനം കായിക ന്യൂനപക്ഷ ഹജ്ജ് വകുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ നിർവഹിച്ചു. പെരിന്തൽമണ്ണ എം.എൽ.എ നജീബ് കാന്തപുരം, എം.പി.അബ്ദുൾ സമദ് സമദാനി എം.പി, മുതിർന്ന കർഷകൻ ചക്കൻ ചെമ്പ്രംപള്ളിയാലിൽ എന്നിവർ മുഖ്യാതിഥികളായി. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ- ജനപ്രതിനിധികൾ, കർഷകർ, സാമൂഹിക പ്രവർത്തകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുമായ ഡോ ബി.അശോക് ഐ.എ.എസ് സ്വാഗതവും കൃഷിവകുപ്പ് ഡയരക്ടർ അഞ്ജു കെ.എസ് നന്ദിയും പറഞ്ഞു.



കേരള സർക്കാരിന്റെ മൂന്നാം നൂറുദിന പദ്ധതികളുടെ ഭാഗമായി എയിംസ് പോർട്ടൽ മുഖേന 20,000 കൃഷിക്കൂട്ടങ്ങളുടെ പഞ്ചായത്തുതല രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനവും മൂല്യവർധനമേഖലയിലെ 1000 കൃഷിക്കൂട്ടങ്ങളുടേയും സേവനമേഖലയിലെ 200 യന്ത്രവൽകൃത കൃഷിക്കൂട്ടങ്ങളുടേയും സംസ്ഥാനതല പ്രവർത്തന ഉദ്ഘാടനം പെരിന്തൽമണ്ണ ഷിഫ കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.